# കഷ്ടങ്ങളിലെ ആശ്വാസം

## 2 കൊരിന്ത്യർ 1:5

"ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെതന്നെ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു."

ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലോസും സഹോദരനായ തിമൊഥെയോസും കൊരിന്തിലെ ദൈവസഭയ്ക്കും അഖായയിൽ എല്ലാടത്തുമുള്ള സകല വിശുദ്ധന്മാർക്കും കൂടി എഴുതുന്നതാണ് ഈ വചനഭാഗം.

ഇവിടെ ഇപ്രകാരം നാം കാണുന്നു കഷ്ടങ്ങൾ പെരുകുന്നതുപോലെ ആശ്വാസവും പെരുകുന്നു എന്ന്. ഇന്ന് ഈ ലോക ജീവിതത്തിൽ അനേകം കഷ്ടങ്ങൾ, പ്രതിസന്ധികൾ നമ്മുടെ ജീവിതത്തിൽ കടന്നുവരുമ്പോൾ, നമുക്ക് പറയുവാൻ കഴിയുമോ ഈ കഷ്ടങ്ങളിലൂടെ, നമുക്കും ആശ്വാസവും ഉണ്ടാകുന്നു എന്ന്. ഈ വചനഭാഗത്ത് അപ്പോസ്തലനായ പൗലോസ് പറയുന്നത് ക്രിസ്തുവിന്റെ കഷ്ടങ്ങൾ പെരുകുന്നതു പോലെ തന്നെ, ഞങ്ങളുടെ ആശ്വാസവും പെരുകുന്നു എന്ന്. കഷ്ടങ്ങളിൽ കരുതുന്ന, ആശ്വാസം പകരുന്നതായ, ഒരു ദൈവത്തെയാണ് നമുക്കു ഇവിടെ കാണുവാൻ സാധിക്കുന്നത്.

അതെ, അവൻ നമ്മുടെ കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയാണ്, നല്ല സഖിയാണ്. ആ പിതാവിനെക്കുറിച്ചുള്ള വർണ്ണനകൾ മൂന്നാം വാക്യത്തിലേക്ക് നോക്കുമ്പോൾ കാണുവാൻ സാധിക്കും. ഇവിടെ ഇപ്രകാരം പറയുന്നു. "മനസ്സലിവുള്ള പിതാവും സർവ്വാശ്വാസം നൽകുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ". ഒന്നാമതായി കാണുന്നത് അവൻ മനസ്സലിവുള്ള പിതാവാണ്. അത് വ്യക്തമായി അറിയുന്നവരാണ് നാം. ദൈവത്തിന്റെ മനസ്സലിവിന്റെ ഫലമായാണ് നാം ഓരോരുത്തരും ഇന്ന് ഈ ഭൂമിയിലായിരിക്കുന്നത്.

ദൈവത്തിന്റെ മനസ്സലിവിന്റെ അനേകം വേദഭാഗങ്ങൾ നമുക്ക് ബൈബിളിൽ കാണാം. അതിലെ ഒരു ഭാഗം ലൂക്കോസ് 7:13 ൽ കാണുന്നു "അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു അവളോട്: കരയേണ്ട എന്നു പറഞ്ഞു". ഇവിടെ വിധവയായ ഒരു അമ്മയുടെ ഏക മകൻ മരിച്ചുപോയിരിക്കുന്നു. അവനെ ചുമന്നുകൊണ്ടുപോകുന്ന മഞ്ചത്തെ തൊട്ടു, ബാല്യക്കാരാ എഴുന്നേല്ക്ക എന്നു പറയുന്നു. അങ്ങനെ മരിച്ചവൻ എഴുന്നേറ്റു. ആ

വിധവയായ സ്ത്രീ ഒന്നു യാചിക്കുന്നതിനു മുൻപു തന്നെ അവളെ കണ്ട് മനസ്സലിഞ്ഞ ഒരു കർത്താവിനെ നമുക്കു കാണാം.

രണ്ടാമതായി നാം കാണുന്നത്, അവൻ സർവ്വാശ്വാസവും നൽകുന്ന ദൈവം. സങ്കീർത്തനം 94:19 ൽ ഇപ്രകാരം പറയുന്നു "എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ നിന്റെ ആശ്വാസങ്ങൾ എന്റെ പ്രാണനെ തണുപ്പിക്കുന്നു" ജീവിതനൗക തുഴഞ്ഞു നീങ്ങുമ്പോൾ ഉണ്ടാകുന്ന കൊടുങ്കാറ്റുകൾക്കും, തിരമാലകൾക്കും ഇടയിൽ, ശാന്തത തരുന്ന ഒരു ദൈവം.

മൂന്നാമതായി നാം കാണുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം, സ്വപുത്രനെ ഈ ലോകത്തേക്ക് അയച്ച് നമ്മുടെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം ചെയ്ത പിതാവ്. വീണ്ടും അടുത്ത വാക്യം 4 ൽ ഇപ്രകാരം കാണുന്നു. ഈ പിതാവിന്റെ ആശ്വാസംകൊണ്ട് അപ്പോസ്തലന്മാരെ യാതൊരു കഷ്ടത്തിലുള്ളവരെയും ആശ്വസിപ്പിക്കാൻ തക്കവണ്ണം ശക്തരാക്കുന്നു. അതുകൊണ്ട് നാം ഒന്നു അറിഞ്ഞിരിക്കുക നമ്മുടെ ജീവിതത്തിൽ കഷ്ടങ്ങൾ ഉണ്ടെങ്കിൽ, അതിൽ ആശ്വാസം പകരാനായി ഒരു ശക്തനായ ദൈവം നമ്മുടെ കൂടെയുണ്ട്. ഇന്നു ജീവിതയാത്രയിൽ നമ്മുടെ ജീവിതത്തിൽ വന്നിട്ടുള്ള ചെറിയ കഷ്ടതകൾ നമ്മുടെ നാശത്തിനല്ല പിന്നെയോ നമ്മെ പണിതെടുത്തു, നല്ല മുത്തുകളാക്കി അതിലൂടെ അനേകരെ ശക്തരാക്കി ഈ ദൈവ സ്നേഹത്തിലേക്ക് അടുപ്പിക്കാനാണ്.

അതുകൊണ്ട് കഷ്ടതയിൽ നാം പതറിപ്പോകാതെ, ദൈവം നമ്മെക്കൊണ്ട് ആഗ്രഹിക്കുന്നത് കണ്ടെത്തുവാൻ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ. ആമ്മേൻ.

പരാമർശം

സങ്കീർത്തനം 23:3

എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു. തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 015